# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2699

10.07.2015-ൽ മറുപടിയ്ക്ക്

## കലാകാര പെൻഷൻ

ചോദ്യം

ശ്രീ. എസ്. രാജേന്ദ്രൻ

മറുപടി

ശ്രീ. കെ.സി.ജോസഫ്

(ഗ്രാമവികസനവും, ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പേർക്കാണ് കലാകാര പെൻഷൻ നൽകിയത്; ഇതിനായി നീക്കിവച്ച തുക എത്രയെന്നും എത്ര രൂപ വീതമാണ് നൽകിയതെന്നും വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി 1460 കലാകാരന്മാർക്കാണ് കലാകാര പെൻഷൻ നൽകി വരുന്നത്. 2015 ജൂൺ മാസം വരെയുള്ള കണക്കനുസരിച്ച് മൊത്തത്തിൽ 2643 കലാകാരന്മാർക്ക് കലാകാര പെൻഷൻ അനുവദിച്ചിട്ടുണ്ടെങ്കിലും 2606 പേർക്ക് മാത്രമേ പെൻഷൻ നൽകി വരുന്നുള്ളൂ. രേഖകൾ സമർപ്പിക്കാത്ത 37 പേരുടെ പെൻഷൻ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് നൽകുന്നതാണ്. കലാകാര പെൻഷനുവേണ്ടി നീക്കി വച്ച തുക പട്ടിക രൂപത്തിൽ താഴെ ചേർക്കുന്നു. |

| സാമ്പത്തിക വർഷം | നീക്കി വച്ച തുക |
|---|---|
| 2011 12 | 1,82,16,000/ |
| 2012 13 | 1,82,16,000/ |
| 2013 14 | 2,11,40,000/ |
| 2014 15 | 2,40,20,000/ |
| 2015 16 | 2,66,85,000/ |

| | | | |
|---|---|---|---|
| | | | ഇതിൽ 2013 മാർച്ച് മാസം വരെ 550/- രൂപ വീതവും 2013 ഏപ്രിൽ മുതൽ 2014 മാർച്ച് വരെ 650/- രൂപ വീതവും ഏപ്രിൽ 2014 മുതൽ 750/- രൂപ വീതവുമാണ് കലാകാര പെൻഷൻ നൽകി വരുന്നത്. |
| (ബി) | കലാകാര പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും ഏതൊക്കെ കലാരംഗങ്ങളിലുള്ള വരെയാണ് പെൻഷന് പരിഗണിക്കുന്നതെന്നും വ്യക്തമാക്കാമോ; | (ബി) | 08.11.1999 ലെ സ. ഉ. (എം. എസ്) നം. 49/99/സിഎഡി ഉത്തരവ് പ്രകാരമാണ് കലാകാര പെൻഷൻ അനുവദിക്കുന്നത്. ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ കലാരംഗങ്ങളിൽ ഉള്ളവർക്കും പെൻഷൻ അനുവദിക്കുന്നതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | നാടൻ കലാകാരന്മാർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് വിഭാഗക്കാർക്കാണ്; ഈയിനത്തിൽ എത്ര രൂപ ചെലവാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. 2013 – 14 സാമ്പത്തിക വർഷത്തിൽ 15,000/- രൂപ വീതം 5 നാടൻ കലാകാരന്മാർക്ക് ഫെലോഷിപ്പ് അനുവദിച്ചിട്ടുണ്ട്. ഇതിൽ, തിരുവാതിരക്കളി, മാപ്പിളകലകൾ ,നാഗക്കളം പുള്ളുവൻപ്പാട്ട്, മാരിത്തെയ്യം, ചിമ്മാനക്കളി,പൂരക്കളി,മറത്തുകളി എന്നീ വിഭാഗത്തിൽപ്പെട്ട കലാകാരന്മാർ ഉൾപ്പെടുന്നു. ഇതിനായി 75,000/- രൂപ ചെലവാക്കിയിട്ടുണ്ട്. |

Dep

സെക്ഷൻ ഓഫീസർ

കേരള സർക്കാർ അനുബന്ധം

<u>സംഗ്രഹം</u>

കലാകാര പെൻഷൻ - പദ്ധതിയുടെ ചട്ടങ്ങൾ ക്രോഡീകരിച്ചും പരിഷ്കരിച്ചും ഭേദഗതികൾ ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാംസ്കാരിക കാര്യ (സി) വകുപ്പ്

സ.ഉ.(എം.എസ്)നം: 49/99/സി.എ.ഡി. തീയതി, തിരുവനന്തപുരം, 8-11-1999

പരാമർശം :-
1) ജി.ഒ.(എം.എസ്) 23/91/സി.എ.ഡി. തീയതി 02-09-'91
2) ജി.ഒ.(എം.എസ്) 35/92/സി.എ.ഡി. തീയതി 31-12-'92
3) ജി.ഒ.(എം.എസ്) 35/95/സി.എ.ഡി. തീയതി 16-12-'95
4) ജി.ഒ.(എം.എസ്) 39/96/സി.എ.ഡി. തീയതി 10-07-'96
5) ജി.ഒ.(എം.എസ്) 60/96/സി.എ.ഡി. തീയതി 20-11-'96
6) ജി.ഒ.(എം.എസ്) 6/97/സി.എ.ഡി. തീയതി 31-01-'97
7) ജി.ഒ.(എം.എസ്) 22/97/സി.എ.ഡി. തീയതി 26-04-'97
8) ജി.ഒ.(എം.എസ്) 50/97/സി.എ.ഡി. തീയതി 29-08-'97
9) ജി.ഒ.(എം.എസ്) 70/97/സി.എ.ഡി. തീയതി 16-12-'97
10) ജി.ഒ.(എം.എസ്) 16/99/സി.എ.ഡി. തീയതി 23-03-'99

## ഉത്തരവ്

സംസ്ഥാന കലാകാര പെൻഷന്റെ നിലവിലുള്ള ചട്ടങ്ങൾ ക്രോഡീകരിച്ചും; പരിഷ്കരിച്ചും ഭേദഗതികൾ ഉൾപ്പെടുത്തിയും തയ്യാറാക്കിയ പുതിയ ചട്ടങ്ങൾ അംഗീകരിച്ച് ഈ ഉത്തരവിന് അനുബന്ധമായി ചേർത്തിരിക്കുന്നു.

2. പുതുക്കിയ ചട്ടങ്ങൾ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കെ. വി. ശ്രീദേവി
ജോയിന്റ് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിക്കുവേണ്ടി

എല്ലാ ജില്ലാ കളക്ടർമാർക്കും
പബ്ലിക് റിലേഷൻസ് ഡയറക്ടർ
ഗവൺമെന്റ് പ്രസ് സൂപ്രണ്ടിന് (ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
സെക്രട്ടറി, കേരള സംഗീത നാടക അക്കാദമി, തൃശ്ശൂർ
സെക്രട്ടറി, കേരള ലളിതകലാ അക്കാദമി, തൃശ്ശൂർ
സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ
സെക്രട്ടറി, കേരള കലാമണ്ഡലം, തൃശ്ശൂർ
സെക്രട്ടറി, കേരള ഫോക്‌ലോർ അക്കാദമി, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

(ഒപ്പ്)
സെക്ഷൻ ഓഫീസർ

ശരിപകർപ്പ്

## 3. കേരള സംസ്ഥാന കലാകാരപെൻഷൻ - പരിഷ്കരിച്ച ചട്ടങ്ങൾ

ാ ചട്ടങ്ങൾ സാമ്പത്തിക പ്രയാസങ്ങൾ നേരിടുന്ന സാഹിത്യകാരൻമാർക്കും കലാകാര ൻമാർക്കും പ്രതിമാസം ധനസഹായം നല്കുന്ന കേരള സംസ്ഥാന കലാകാരപെൻഷൻ പദ്ധതി ുടെ ചട്ടങ്ങൾ എന്ന പേരിലറിയപ്പെടുന്നു.

ാരോ ആൾക്കും പ്രതിമാസം 400 (~~നാനൂറ്~~) [550 (അഞ്ഞൂറ്റി അമ്പത്)] രൂപാ നിരക്കിൽ ധനസഹായം നല്കുന്നതാണ്.

ഈ ചട്ടങ്ങൾ പ്രകാരം സാഹിത്യകാരൻമാർക്കും സംഗീതം, നൃത്തം, കഥകളി, കേരളീയ ക്ഷേത്രകലകൾ, നാടകം, കഥാപ്രസംഗം, ഹരികഥ, അക്ഷരശ്ലോകം, ചിത്രകല, ശില്പകല, പൂരക്കളി, ബാൻറ് വാദ്യം, നാടൻ കലകൾ, എന്നിങ്ങനെയുള്ള കലാരംഗ ങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള കലാകാരൻമാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

**കേരളീയ ക്ഷേത്ര കലകൾ :-**

1) വാദ്യകലകൾ :- മദ്ദളം, ചെണ്ട, തിമില, ഉടുക്ക്, കുറുംകുഴൽ, നാഗസ്വരം, കുഴിത്താളം, ചേങ്ങില, മിഴാവ്, ഇടയ്ക്ക, തകിൽ, കൊമ്പ്.

2) ക്ലാസിക്കൽ കലകൾ :- പാഠകം, കൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, ഓട്ടൻതുള്ളൽ, കഥകളി, തിടമ്പ് നൃത്തം, പുരാണപാരായണം, തോറ്റംപാട്ട്, സോപാന സംഗീതം.

3) ക്ഷേത്രശില്പകല :- തടി, കരിങ്കല്ല്, മുതലായവയിലെ കൊത്തുപണികൾ (കാർവിങ്) തുടങ്ങിയവ.

4) ചിത്രകല :- ഭിത്തി ചിത്രങ്ങൾ (മ്യൂറലുകൾ) കളമെഴുത്ത്, തെയ്യം, തിറ, മുതലായ കലകളുടെ മുഖത്തെഴുത്ത്, അലങ്കാരങ്ങൾ മുതലായ ചിത്രപ്പണികൾ.

5) നാടൻ കലാരൂപങ്ങൾ :- തെയ്യം, തിറ, പടയണി, മുടിയേറ്റ്, യക്ഷഗാനം, പൂരക്കളി, കാക്കാരിശ്ശിനാടകം, കണ്യാർകളി, പരിചമുട്ടുകളി, കോൽക്കളി, പൂതനും തിറയും, തിരിയുഴിച്ചിൽ, ആവാമികളി, ചിന്മാനക്കളി, നിണബലി, കളമെഴുത്തും പാട്ടും, ഐക്ത്രാൻപാട്ട്, കോതാമൂരി, അർജ്ജുന നൃത്തം, കുത്തിയോട്ടം, വേലകളി, പലവിധം പാട്ടുകൾ, മുടിയാട്ടം, കളരിപ്പയറ്റ്, പുള്ളുവൻപാട്ട്, ഭഗവതി പാട്ട്, ഒപ്പന, ദഫ്മുട്ട്, അറബനമുട്ട്, മുട്ടും വിളിയും, മാർഗ്ഗം കളി.

6) ആദിവാസി കലകൾ :- പലതരം ആദിവാസി നൃത്തങ്ങൾ, വാദ്യം, സംഗീതം, വാമൊഴി രൂപങ്ങൾ (ഗദ്ദിക, പൂജഗദ്ദിക, വട്ടക്കളി, തുടി, മാരി നീക്കൽ, കംബകളി എന്നീ ചില ഗോത്ര കലകൾ)

) സിനിമയുമായി ബന്ധപ്പെട്ട കലാകാരൻമാർക്ക് ഈ പദ്ധതിപ്രകാരം കലാകാര പെൻഷന് അപേക്ഷിക്കാവുന്നതല്ല.

) പുതിയതായി കലാകാരപെൻഷന് അപേക്ഷ നല്കാൻ ഉദ്ദേശിക്കുന്നവർ കാലാകാല ങ്ങളിൽ ഉള്ള ഗവൺമെൻറ് വിജ്ഞാപനങ്ങളനുസരിച്ച് അനുബന്ധമായി ചേർത്തിരി ക്കുന്ന തരത്തിലുള്ള ഫാറത്തിൽ ബന്ധപ്പെട്ട അക്കാദമികളിൽ അപേക്ഷ നല്കേണ്ടതാണ്.

(തുടർച്ച)

6) 50 (അൻപത്) വയസ്സിൽ കൂടുതൽ പ്രായമുള്ളവരും പ്രതിമാസ വരുമാനം 750/- രൂപയിൽ കവിയാത്തവരും ആയ സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും കലാകാര പെൻഷന് അപേക്ഷിക്കാവുന്നതാണ്.

കുറിപ്പ്: -

1) പ്രായപൂർത്തിയായ മക്കളുടെ വരുമാനവും കുടുംബ പെൻഷനും ഒഴികെ കുടുംബത്തിലെ മറ്റെല്ലാ അംഗങ്ങളുടെയും ചേർത്തുള്ള യഥാർത്ഥ വരുമാനമായിരിക്കും പ്രതിമാസ കുടുംബ വരുമാനമായി കണക്കാക്കപ്പെടുന്നത്.

2) കുടുംബ വരുമാനം കണക്കാക്കുന്നതിന് സർക്കാരിൽ നിന്നും (കേന്ദ്രസർക്കാർ ഉൾപ്പെടെ) ലഭിക്കുന്ന എല്ലായിനം പെൻഷനും കണക്കിലെടുക്കേണ്ടതാണ്. എന്നാൽ സ്വാതന്ത്ര്യ സമര സേനാനികളുടെ പെൻഷൻ, വരുമാനം കണക്കാക്കുന്നതിന് ഉൾപ്പെടുത്തുന്നതല്ല.

3) സർവീസ് പെൻഷന് അതാത് കാലങ്ങളിൽ അനുവദിക്കുന്ന ഡി. എ വരുമാനമായി കണക്കാക്കുന്നതല്ല.

7) വരുമാനം തെളിയിക്കുന്നതിന് വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റും ജനന തീയതി തെളിയിക്കുന്ന രേഖ ഒരു ഗസറ്റഡ് ഓഫീസറെക്കൊണ്ട് സാക്ഷ്യപ്പെടുത്തിയും അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8) കേന്ദ്ര-സംസ്ഥാന പദ്ധതിപ്രകാരം ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്ന സാഹിത്യകാരൻമാർക്കും കലാകാരൻമാർക്കും സംസ്ഥാന പദ്ധതി പ്രകാരമുള്ള കലാകാര പെൻഷന് അർഹതയുണ്ടായിരിക്കുന്നതല്ല.

9) അപേക്ഷകൾ ബന്ധപ്പെട്ട അക്കാദമി മുഖേന സർക്കാരിന് അയയ്ക്കേണ്ടതാണ്.

10) മുഖ്യമന്ത്രി, സാംസ്കാരിക കാര്യ വകുപ്പുമന്ത്രി, സാംസ്കാരിക കാര്യ വകുപ്പു സെക്രട്ടറി, ധനകാര്യ വകുപ്പു സെക്രട്ടറി എന്നിവരടങ്ങിയ ഒരു ഉന്നതാധികാര സമിതി കലാകാരപെൻഷന്റെ നിരക്കും കാലാവധിയും നിശ്ചയിക്കുന്നതാണ്.

11) അനുവദിക്കപ്പെടുന്ന കലാകാര പെൻഷൻ മാസം തോറും നിശ്ചിത നിരക്കിൽ ഒരു നിശ്ചിത കാലാവധിയിലേയ്ക്ക് നൽകപ്പെടുന്നതാണ്.

12) കലാകാരപെൻഷൻ പദ്ധതിയെ സംബന്ധിച്ച് ഉന്നതാധികാര സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കുന്നതാണ്.

13) ജില്ലാ കളക്ടർ മുഖേന സാംസ്കാരിക വകുപ്പായിരിക്കും കലാകാര പെൻഷൻ വിതരണം ചെയ്യുന്നത്.

14) ഗുണഭോക്താവിന്റെ മേൽവിലാസം മാറുകയാണെങ്കിൽ ആ വിവരം സാംസ്കാരിക വകുപ്പു സെക്രട്ടറിയേയും ബന്ധപ്പെട്ട കളക്ടറെയും അറിയിക്കാൻ ഗുണഭോക്താവ് ബാദ്ധ്യസ്ഥനാണ്.

Dup 80

5) ഏതെങ്കിലും വിവരങ്ങളുടെ അടിസ്ഥാനത്തിൽ കലാകാര പെൻഷൻ അനുവദിക്കപ്പെട്ട ഒരാൾ കലാകാരപെൻഷൻ അനുവദിക്കപ്പെടേണ്ടയാളിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടിരിക്കുന്നുവെന്നോ, അല്ലെങ്കിൽ പിന്നീട് മെച്ചപ്പെട്ടുവെന്നോ ബോദ്ധ്യമായാൽ അനുവദിച്ച കലാകാര പെൻഷൻ നിർത്തലാക്കുന്നതും നല്കിയ തുക തിരിച്ച് ഈടാക്കുന്നതുമാണ്.

6) കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു കലാകാരന് തുടർന്നും പെൻഷൻ ലഭിക്കുന്നതിന് വേണ്ടി വീണ്ടും അപേക്ഷിക്കേണ്ടതില്ല.

7) കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ കലാകാര പെൻഷൻ തുടർന്ന് ലഭിക്കുന്നതിന് വർഷംതോറും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല. എന്നാൽ കലാകാര പെൻഷൻ ഒരു ഗുണഭോക്താവിന് ആദ്യമായി നല്കുമ്പോൾ അവരുടെ വരുമാനം കർശനമായി പരിശോധിക്കേണ്ടതാണ്. കലാകാര പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർ ഇന്ത്യയ്ക്കകത്ത് എവിടെ താമസിക്കുകയാണെങ്കിലും പെൻഷൻ തുക അവർക്ക് മണിഓർഡർ ആയി അയച്ചുകൊടുക്കുന്നതാണ്.

8) അനുവദിച്ച കലാകാരപെൻഷൻ തുക മുഴുവൻ വാങ്ങിക്കുന്നതിന് മുമ്പ് കലാകാരൻ മരണപ്പെടുകയാണെങ്കിൽ മരണപ്പെട്ട മാസം ഉൾപ്പെടെ അതുവരെ വാങ്ങാനുള്ള പെൻഷൻ തുക അനന്തരാവകാശികൾക്ക് ലഭിക്കുന്നതാണ്.

9) കലാകാരപെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നയാൾ മരിച്ചുപോയാൽ കുടിശ്ശിക പെൻഷൻ അനന്തരാവകാശികൾക്ക് യുക്തമായ അന്വേഷണത്തിനുശേഷം കളക്ടർമാർ അനുവദിച്ചുകൊടുക്കുന്നതാണ്.

10) കലാകാരപെൻഷൻ ലഭിക്കുന്ന കലാകാരന്മാരുടെ ഒപ്പ് ഒരിക്കൽ മാത്രം (ആദ്യം പെൻഷൻ വാങ്ങുമ്പോൾ) സാക്ഷ്യപ്പെടുത്തിയാൽ മതിയാകുന്നതാണ്

11) സർവീസ് പെൻഷൻകാരെ പോലെ ആറുമാസത്തിലൊരിക്കൽ തങ്ങൾ ജീവിച്ചിരിക്കുന്നുവെന്നുള്ളതിന് ഒരു ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് കലാകാരപെൻഷൻ വാങ്ങുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

ശരിപകർപ്പ്